പുനരുദ്ധരിക്കുന്ന പ്രവൃത്തികൾക്ക് ഘട്ടം ഘട്ടമായി അനുമതി നൽകി വരുന്നു. കണ്ണൂർ ജില്ലയിലെ ഹിൽ ഹൈവേയുടെ ഭാഗമായ 15 കി.മീറ്റർ ദൂരം റോഡ് ഇതിനകം പുനരുദ്ധരിച്ചു കഴിഞ്ഞു.

(ബി) കണ്ണൂർ ജില്ലയിൽ ഉൾപ്പെടുന്ന പുറഞ്ഞാൺ മുതൽ ചമതച്ചാൽ വരെയുള്ള 14.650 കി.മീറ്റർ ദൂരം റോഡ് സംസ്ഥാന പാതയുടെ നിലവാരത്തിൽ പുനരുദ്ധരിച്ചു കഴിഞ്ഞു. ചമതച്ചാൽ മുതൽ വള്ളിത്തോട് വരെയുള്ള 8 കി.മീറ്റർ റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ കുമൻതോടു മുതൽ അമ്പായത്തോടു വരെയുള്ള 39.50 കി.മീറ്റർ റോഡ് നവീകരണ പ്രവർത്തനങ്ങൾക്ക് 2010 ലക്ഷം രൂപയുടെ ഭരണാനുമതിയും ഹിൽഹൈവേയുടെ മൂവാറ്റുപുഴ ഡിവിഷനു കീഴിലുള്ള റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് 1685 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്..

(സി) കണ്ണൂർ ജില്ലയിലെ പൂർത്തീകരിച്ച റോഡ് പണിക്ക് 25,33,987 രൂപ ചെലവഴിച്ചു.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ ഓരോ ഘട്ടങ്ങളിലും ഭരണാനുമതി നൽകുവാൻ കഴിയുകയുള്ളു.

(ഇ) ഇപ്പോൾ കണക്കാക്കുവാൻ നിർവ്വാഹമില്ല.

മലയോര ഹൈവേ ആരംഭിക്കാൻ നടപടി

161 (5866) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര ഹൈവേക്ക് സർവ്വെ പൂർത്തിയായ സാഹചര്യത്തിൽ ഘട്ടംഘട്ടമായെങ്കിലും പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) നടപ്പ് സാമ്പത്തിക വർഷം മലയോര ഹൈവേക്ക് വേണ്ടി ബഡ്ജറ്റിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ട് ;

(സി) ഇതിനാവശ്യമായ പണം എങ്ങനെ കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) 'ഹിൽ ഹൈവേ' യുടെ പ്രാഥമിക പഠനം പൂർത്തിയാക്കി. നാറ്റ്പാക് സമർപ്പിച്ച രൂപരേഖ (അലൈൻമെന്റ്) സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഓരോ ജില്ലയിലേയും ഹിൽ ഹൈവേയുടെ ഭാഗമായ റോഡു ഭാഗങ്ങൾ പുനരുദ്ധരിക്കുന്ന പ്രവൃത്തികൾക്ക് ഘട്ടം ഘട്ടമായി അനുമതി നൽകി വരുന്നു. കണ്ണൂർ ജില്ലയിൽ ഉൾപ്പെടുന്ന പുറഞ്ഞാൺ മുതൽ ചമതച്ചാൽ വരെയുള്ള 14.650 കി.മീറ്റർ ദൂരം റോഡ് സംസ്ഥാനപാതയുടെ നിലവാരത്തിൽ പുനരുദ്ധരിച്ചു കഴിഞ്ഞു. ചമതച്ചാൽ മുതൽ വള്ളിത്തോട് വരെയുള്ള 8 കി.മീറ്റർ റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് 300 ലക്ഷം രൂപയുടെ ഭരണാനുമതി

LIBRARY ARCHIVES Kerala Legislative Assembly

നൽകിയിട്ടുണ്ട്. ഇതുകൂടാതെ കുമൻതോടു മുതൽ അമ്പായത്തോടു വരെയുള്ള 39.50 കി.മീറ്റർ റോഡ് നവീകരണ പ്രവർത്തനങ്ങൾക്ക് 2010 ലക്ഷം രൂപയുടെ ഭരണാനുമതിയും ഹിൽഹൈവേയുടെ മൂവാറ്റുപുഴ ഡിവിഷനു കീഴിലുള്ള റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് 1685 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. മലയോര ഹൈവേയ്ക്കുവേണ്ടി പ്രത്യേക വിഹിതം നടപ്പു വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. എങ്കിലും മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തിയാണ് മേൽ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയത്.

(സി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഘട്ടം ഘട്ടമായി പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

പൊന്നാനി മുതൽ ഏലത്തൂർവരെയുള്ള വെസ്റ്റ് കോസ്റ്റ് ഓഷ്യൻ ഹൈവേ നിർമ്മാണം

162 (5867) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ വർഷം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പൊന്നാനി മുതൽ ഏലത്തൂർ വരെയുള്ള വെസ്റ്റ് കോസ്റ്റ് ഓഷ്യൻ ഹൈവേ നിർമ്മാണത്തിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷനു പുറമേ മറ്റേതൊക്കെ ഏജൻസികളുടെ സഹകരണം തേടിയിട്ടുണ്ട് എന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്ക് എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ;

(ഡി) എത്ര വർഷംകൊണ്ട് പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കാനാകും എന്നാണ് കരുതുന്നത് ;

(ഇ) 2010-11 വർഷത്തിൽ ഈ പദ്ധതിയുടെ എന്തൊക്കെ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൊന്നാനി മുതൽ ഏലത്തൂർവരെയുള്ള തീരദേശപാത സംബന്ധിച്ച് ആർ.ബി.ഡി.സി.കെ. കിറ്റ്കോ എന്ന കൺസൾട്ടൻസി സ്ഥാപനം മുഖേന പഠനം നടത്തി 2009 ഒക്ടോബറിൽ ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 11-3-2010-ൽ ഈ റോഡിന്റെ പരിധിയിൽ വരുന്ന നിയമസഭാംഗങ്ങളുമായി ഒരു ചർച്ച നടത്തുകയും ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശമനുസരിച്ച് പാത ഏലത്തൂർ നിന്നും വെങ്ങളം വരെ നീട്ടുന്നതിനുള്ള പഠനം നടത്താൻ കിറ്റ്കോയെ ഏൽപ്പിക്കുകയും ചെയ്തു. അവർ 31-7-2010 ന് മുമ്പ് പഠന റിപ്പോർട്ട് സമർപ്പിക്കും എന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly